# ചോളമണ്ഡലം ഇൻവെസ്റ്റ്മെൻറിന് 305 കോടിയുടെ അറ്റാദായം

കൊച്ചി: ചോളമണ്ഡലം ഇൻവെസ്റ്റ്മെൻറ് ആൻറ് ഫിനാൻസ് കമ്പനി ലിമിറ്റഡിൻറെ ലാഭം ഈ സാമ്പത്തിക വർഷം രണ്ടാം പാദത്തിൽ 49 ശതമാനം ഉയർന്ന് 305 കോടിയായി. മുൻ വർഷം ഇതേ കാലയളവിൽ കമ്പനിയുടെ ലാഭം 204 കോടി രൂപയായിരുന്നു. 2018 സാമ്പത്തിക വർഷത്തിൽ കമ്പനിയുടെ വരുമാനം 24 ശതമാനം ഉയർന്ന് 1676 കോടി രൂപയായി.

മുൻ വർഷം ഇതേകാലയളവിലിത് 1350 കോടി രൂപയായിരുന്നു. കമ്പനിയുടെ വാഹന വായ്പ ആസ്തി 29 ശതമാനം ഉയർന്ന് 5542 കോടി രൂപയായി. മുൻ വർഷംഇതേകാലയളവിലിത് 4295 കോടി രൂപയായിരുന്നു.